PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Third Session—1955.

Thursday, the 6th October 1955.

Vol. XIV] OFFICIAL REPORT [No. 2

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Thursday, the 6th October 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

തിരുവനന്തപുരത്തെ പൊതുമരാമത്തു പണികൾ.

* 1. [1] ശ്രീ. എൻ. നീലകണ്ഠ പണ്ടാരത്തി : തിരുവനന്തപുരത്തെ പൊതുമരാമത്തു പണികൾക്കുള്ള ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഐക്യകേരള രൂപീകരണത്തോടുകൂടി തലസ്ഥാനമാറ്റവും ഉണ്ടാകുമെന്നുള്ള മുൻവിധയോടുകൂടി തിരുവനന്തപുരത്തു പൊതുമരാമത്തുപണികൾ കുറയുവാനായി നടത്തേണ്ടതില്ലെന്നു വല്ല തീരുമാനവും ഈ മന്ത്രിസഭ എടുത്തിട്ടുണ്ടോ ;

(ബി) ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വല്ല പൊതുമരാമത്തു ജോലികളും നവത്ത വയ്ക്കാനുള്ള വിടുകയുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. ഐ. വേലായുധൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. നീലകണ്ഠ പണ്ടാരത്തി : ഗസറ്റഡ് ഉദ്യോഗസ്ഥന്മാർക്കുവേണ്ടി ഒരു ഭവനനിർമ്മാണപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടായിരുന്നതു തൽക്കാലം നിറുത്തിവച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. ടി. ഐ. വേലായുധൻ : ഗസറ്റഡ് ഉദ്യോഗസ്ഥന്മാർക്കു കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുന്നതിലേയ്ക്കു വേണ്ടി മൂന്നുലക്ഷത്തിമുപ്പത്തിനായിരം രൂപയുടെ ഒരു പദ്ധതിയുണ്ടായിരുന്നു. പക്ഷേ അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ഒൻപതു പെട്ടിടങ്ങൾ പണിയണമെന്നാണ് അതിൽ നിർദ്ദേശമുണ്ടായിരുന്നതു്. അങ്ങിനെ പണിയുന്ന ഒരു കെട്ടിടത്തിനു് മുപ്പത്തിഏഴായിരം രൂപ ചെലവു വരുന്നതാണു്. അതു് സ്ഥലത്തിന്റെ വില കൂടാതെയാണു്. അതിനു നാലു ശതമാനം പലിശവച്ചു നോക്കുകയാണെങ്കിൽ 125 രൂപയോളം ഒരു കെട്ടിടത്തിനു വാടക വരുന്നതാണു്. ഇത്രയും വലിയ ഒരു സംഖ്യ അതായതു് 125 രൂപ ഒരു കെട്ടിടത്തിനു വാടക വരുന്നതുകൊണ്ടും ഇവിടെ വലിയ കെട്ടിടങ്ങൾ വളരെ അധികം ലഭ്യമാകുന്നതുകൊണ്ടും ആണു് ആ പദ്ധതി തൽക്കാലം വേണ്ടെന്നു വച്ചിട്ടുള്ളതു്.

ശ്രീ. സി. എ. മാത്യു : ഒരു ഐക്യകേരള രൂപീകരണം തീരുമാനിച്ചിട്ടുള്ള വസ്തുത വാസ്തവമാണോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനു ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

പെരിയാർ നദീജലം.

* 2. [2] ശ്രീ. എൻ. നീലകണ്ഠൻ പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിലെ നദീജലം മദ്രാസ് സ്റ്റേറ്റിന്റെ ആവശ്യത്തിലേയ്ക്കു് വിട്ടുകൊടുക്കുന്നതിനു് ഈ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ചു് മദ്രാസ് ഗവണ്മെൻറുമായി ഈ ഗവണ്മെൻറ് എന്തെങ്കിലും ആലോചനകൾ നടത്തുകയോ, തീരുമാനങ്ങളിൽ എത്തുകയോ, എഗ്രിമെൻറുകൾ എഴുതി കൈമാറുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ രൂപമെന്താണു് ;

(സി) പെരിയാർ നദീജലത്തിൽ നിന്നു് ഏലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നതിനു് മദ്രാസ് ഗവണ്മെൻറിനു് ഈ ഗവണ്മെൻറ് അനുവാദം നൽകിയിട്ടുണ്ടോ, ഇതു് സംബന്ധിച്ച കരാറിന്റെ വ്യവസ്ഥകളെന്താണു്, കരാറിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കുമോ ;

(ഡി) നമ്മുടെ നദികളിലെ ജലം അവശ്യം വിനിയോഗിക്കാൻ അനുവദിക്കുന്നതിനെ സംബന്ധിച്ചു് കേന്ദ്രത്തിൽ നിന്നും വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല.

(ബി) പെരിയാർ തടാകത്തിലെ ജലത്തെ സംബന്ധിച്ചു് അല്ലാതെ മറ്റു കരാറുകളൊന്നും ഉണ്ടായിട്ടില്ല.

(സി) ഉണ്ടു്. ഉൽപാദിപ്പിക്കുന്ന വിദ്യുച്ഛക്തിയുടെ റായൽറ്റി ഗവൺമെൻറിനു നൽകണമെന്നാണു് കരാറു്. കരാറു നകൽ രൂപത്തിൽ ഇരിക്കുന്നതുകൊണ്ടു് അതിന്റെ പ്രതി മേശപ്പുറത്തു വയ്ക്കാൻ നിവൃത്തിയില്ല.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly